"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് - അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ ഡോ.എസ്.ശോഭനയ്ക്കെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.534/2024/LBR    തീയതി,തിരുവനന്തപുരം, 24-04-2024

---

പരാമർശം:- 1) **14.05.2020** ലെ **LBRD-F1/214/2019-LBRD** നമ്പർ സർക്കാർ കത്ത്.

2) ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ **14.09.2020** ലെ ഡി3-**9083/2016**/ഡി.ഐ.എം.എസ് നമ്പർ കത്ത്.

3) **14.12.2020** ലെ **LBRD-F1/137/2020-LBRD** നമ്പർ കുറ്റപത്രം.

4) ഡോ.ശോഭന.എസ്, അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ സമർപ്പിച്ച **20.01.2021** ലെ മറുപടി.

5) ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ **09.09.2021** ലെ ഡി3-**9083/2016**/ഡി.ഐ.എം.എസ് നമ്പർ കത്ത്.

6) **04.03.2022** ലെ **LBRD-F1/137/2020-LBRD** നമ്പർ കാരണം കാണിക്കൽ നോട്ടീസ്.

7) ഡോ.ശോഭന.എസ്, അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ സമർപ്പിച്ച **02.04.2022** ലെ മറുപടി.

8) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ **09.01.2024** ലെ **A1-3/62/2022/KPSC** നമ്പർ കത്ത്.

**ഉത്തരവ്**

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിൽ അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസറായി **06.03.2013**-ൽ ജോലിയിൽ പ്രവേശിച്ച ഡോ.ശോഭന.എസ്, പ്രൊബേഷൻ പൂർത്തീകരിക്കുന്നതിനു മുമ്പുതന്നെ ജോലിയിൽ നിന്ന് അനധികൃതമായി വിട്ടുനിന്നിരുന്നു. ഡോ.ശോഭന പ്രൊബേഷൻ കാലയളവിൽ തന്നെ അനധികൃതമായി ഹാജരാകാതിരുന്നതിനെ തുടർന്ന് പ്രൊബേഷൻ ടെർമിനേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ ഡയറക്ടർ സ്വീകരിക്കുകയുണ്ടായി. ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ നൽകിയ കാരണം കാണിക്കൽ നോട്ടീസിന് ടി വ്യക്തി സമർപ്പിച്ച മറുപടിയിൽ ഭർത്താവ് വിദേശത്ത് ജോലി ചെയ്യുവരവെ **episodes of presyncope** എന്ന

അസുഖബാധിതനായെന്നും ടിയാന് ഇൻഡ്യയിലേയ്ക്ക് തിരികെ വരാൻ കഴിയുന്ന ആരോഗ്യ അവസ്ഥയിലല്ലാതിരുന്നതിനാൽ ഭർത്താവിനെ ശുശ്രൂഷിക്കുന്നതിനായി വിദേശത്ത് പോകാൻ നിർബന്ധിതയായി എന്നും ജോലിയിൽ നിന്ന് വിട്ടുനിൽക്കേണ്ടി വന്നുവെന്നും അറിയിച്ചിരുന്നു. ഭർത്താവിന്റെ ചികിത്സ സംബന്ധിച്ച രേഖകളും ഹാജരാക്കിയിരുന്നു. മനഃപൂർവമല്ലാത്ത ഹാജരില്ലായ്മ മാപ്പാക്കണമെന്നും ജോലിയിൽ പ്രവേശിക്കാനുള്ള അനുവാദം നൽകണമെന്നും ഡോ.ശോഭന അപേക്ഷിച്ചിരുന്നു. അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഡോ.ശോഭനയുടെ പ്രൊബേഷൻ ടെർമിനേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ തുടരേണ്ടതില്ല എന്നും ടി വ്യക്തിയെ അച്ചടക്കനടപടികൾക്ക് വിധേയമായി സർവ്വീസിൽ പുനഃപ്രവേശിപ്പിക്കുവാനും ടിയാൾക്കെതിരെ **Manual for Disciplinary Proceedings** - ലെ ഖണ്ഡിക 53 പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിനായുള്ള ശുപാർശ സർക്കാരിൽ സമർപ്പിക്കുവാനും പരാമർശം (1) പ്രകാരം ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർക്ക് നിർദേശം നൽകിയിരുന്നു

2) തുടർന്ന് ഡോ.ശോഭനയ്ക്കെതിരെ **Manual for Disciplinary Proceedings** - ലെ ഖണ്ഡിക 53 പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിനായുള്ള ശുപാർശ തുടർ നടപടികൾക്കായി പരാമർശം (2) പ്രകാരം ഡയറക്ടർ സമർപ്പിക്കുകയും ടിയാരിയുടെ ഭാഗത്തു നിന്നുണ്ടായ പ്രവർത്തികൾ കൃത്യ വിലോപവും അച്ചടക്ക രാഹിത്യവും സർവ്വീസ് ചട്ടങ്ങളുടെ ലംഘനവുമായതിനാൽ 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ, ചട്ടം 15 പ്രകാരം അച്ചടക്ക നടപടി ആരംഭിക്കുകയും പരാമർശം (3) പ്രകാരം കുറ്റപത്രം നൽകുകയും ചെയ്തു. വിദേശത്തു പോകുന്നതിനായി 13.12.2015 മുതൽ 03 വർഷത്തെ ശൂന്യവേതനാവധി അനുവദിക്കുന്നതിനുള്ള അപേക്ഷ സമർപ്പിച്ച ശേഷം ജോലിയിൽ നിന്നും വിട്ടു നിന്നു, നിലവിലുള്ള ചട്ടങ്ങൾ പ്രകാരം അവധി അനുവദിക്കാൻ കഴിയില്ലെന്നും എത്രയും വേഗം തിരികെ ജോലിയിൽ പ്രവേശിക്കണമെന്നും നിർദ്ദേശിച്ചുകൊണ്ട് നോട്ടീസ് നൽകിയിരുന്നുവെങ്കിലും തിരികെ ജോലിയിൽ പ്രവേശിച്ചില്ല. പ്രൊബേഷൻ കാലയളവിൽ അനധികൃതമായി ജോലിയിൽ ഹാജരാകാതിരിക്കുക, മേലധികാരിയുടെ നിർദ്ദേശങ്ങൾ അനുസരിക്കാതിരിക്കുക തുടങ്ങിയ അച്ചടക്കരാഹിത്യങ്ങളും സർക്കാർ സംവിധാനങ്ങളോട് അവഗണനയും പ്രകടിപ്പിച്ചു, 2015 ആഗസ്റ്റ്, നവംബർ മാസങ്ങളിൽ സർക്കാർ അനുമതിയില്ലാതെ വിദേശയാത്ര നടത്തി എന്നീ കുറ്റങ്ങൾ കുറ്റപത്രത്തിൽ ഉൾപ്പെടുത്തിയിരുന്നു.

3) കുറ്റപത്രത്തിന് പരാമർശം (4) പ്രകാരം ഡോ.ശോഭന സമർപ്പിച്ച പ്രതിവാദ പത്രികയിൽ കുറ്റങ്ങൾ നിഷേധിക്കുകയുണ്ടായില്ല. ഇക്കാര്യത്തിൽ പരാമർശം (5) പ്രകാരം ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ ഡോ.എസ്.ശോഭനയുടെ പ്രതിവാദ പത്രികയിലൂടെയുള്ള അപേക്ഷ അനുഭാവപൂർവം പരിഗണിക്കാവുന്നതാണെന്ന് ശിപാർശ ചെയ്തിരുന്നു. **Manual for Disciplinary Proceedings** ലെ ഖണ്ഡിക 8 പ്രകാരം സർക്കാർ ഉദ്യോഗസ്ഥൻ കുറ്റം നിഷേധിക്കുന്ന പക്ഷം ഔപചാരിക അന്വേഷണം നടത്തേണ്ടതുണ്ട്. എന്നാൽ പ്രൊബേഷൻ കാലയളവിൽ അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്ന ഡോ.ശോഭനയുടെ പ്രതിവാദ പത്രികയിൽ കുറ്റപത്രത്തിൽ ആരോപിച്ചിരുന്ന കുറ്റങ്ങൾ നിഷേധിക്കാത്തതിനാൽ ഔപചാരിക അന്വേഷണം ഒഴിവാക്കി ടി കുറ്റങ്ങൾ തെളിഞ്ഞതായി കണക്കാക്കി ടിയാൾക്കെതിരെ അച്ചടക്ക

നടപടികൾ തുടരാനും ടിയാളുടെ രണ്ട് വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫലത്തോടു കൂടി തടഞ്ഞു വയ്ക്കുന്നതിനും സർക്കാർ താത്കാലികമായി തീരുമാനിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ പരാമർശം (6) പ്രകാരം ടിയാൾക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ചെയ്തു. ടി കാരണം കാണിക്കൽ നോട്ടീസിന് ഡോ.ശോഭന പരാമർശം (7) പ്രകാരം സമർപ്പിച്ച മറുപടിയിൽ പ്രതിവാദ പത്രികയിൽ വിശദീകരിച്ചിരുന്ന കാരണങ്ങൾ തന്നെ വീണ്ടും സമർപ്പിക്കുകയും അച്ചടക്ക നടപടിയിൽ നിന്ന് തന്നെ ഒഴിവാക്കണമെന്ന് അപേക്ഷിക്കുകയും ചെയ്തു.

4) പ്രൊബേഷൻ കാലയളവിൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്ന ഡോ.ശോഭനയുടെ പ്രതിവാദ പത്രികയിൽ കുറ്റപത്രത്തിൽ ആരോപിച്ചിരുന്ന കുറ്റങ്ങൾ നിഷേധിക്കാത്തതിനാൽ ടി കുറ്റങ്ങൾ തെളിഞ്ഞതായി കണക്കാക്കി അനധികൃതമായി ജോലിയിൽ നിന്നു വിട്ടുനിന്ന അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ ഡോ.എസ്.ശോഭനയ്ക്കെതിരെ 1960 ലെ കേരള സിവിൽ സർവ്വീസസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ, ചട്ടം 15 പ്രകാരം ടിയാരിയുടെ രണ്ട് വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫലത്തോടു കൂടി തടയുന്നതിനുള്ള സർക്കാർ കൈക്കൊണ്ട താല്ക്കാലിക തീരുമാനത്തിൻമേൽ കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ ഉപദേശം ആരാഞ്ഞിരുന്നു. പരാമർശം (8) പ്രകാരം സർക്കാരിന്റെ താത്കാലിക തീരുമാനത്തോട് ബഹു. കമ്മിഷൻ യോജിക്കുകയും അപ്രകാരം ഉപദേശിക്കുകയും ചെയ്തിട്ടുണ്ട്.

5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ ഡോ.എസ്.ശോഭനക്കെതിരെയുള്ള അച്ചടക്ക നടപടി 1960 ലെ കേരള സിവിൽ സർവ്വീസസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 11 (1) (VA) പ്രകാരം ടിയാളുടെ രണ്ട് വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫലത്തോടെ കൂടി തടഞ്ഞ് അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ വാസുകി കെ ഐ എ എസ്
സെക്രട്ടറി

സെക്രട്ടറി, കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം)
ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്, തിരുവനന്തപുരം.
ഡോ.എസ്.ശോഭന, അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ ,ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് (ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാരിന്റെ ഔദ്യോഗിക വെബ്ബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Ajish Kumar A
Date: 25-04-2024 10:28:30

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു.പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.